ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എസി.ഡി/എസ്.പി.സി(1)/25946/എച്ച്എസ്ഇ** **തീയതി : 05.03.2012**

# സർക്കുലർ

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം–മെരിറ്റ്–കം– മീൻസ് 2011–12 സംബന്ധിച്ച്.

സൂചന : 30/01/2012 ലെ ഹയർസെക്കന്ററി ഡയറക്ടറുടെ ഇതേ നമ്പർ നടപടിക്രമം.

ഹയർസെക്കന്ററി ഡയറക്ടറേറ്റ് വഴി നൽകുന്ന മെരിററ് –കം മീൻസ് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് ജനറൽ കാറ്റഗറി വിഭാഗത്തിലേക്ക് അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പിന്റെ അലോട്ട്മെന്റ് ലെറ്റർ എല്ലാ സ്കൂളുകൾക്കും ഫെബ്രുവരി 29 ന് മുമ്പ് ഈ ഓഫീസിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട്. പ്രിൻസിപ്പൽമാർ സ്കോളർഷിപ്പ് തുക മാറി 15 മാർച്ച് 2012നു മുമ്പായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. സ്കോളർഷിപ്പിന്റെ അലോട്ട്മെന്റ് ഏതെങ്കിലും കാരണവശാൽ സ്കൂളിലോ ട്രഷറിയിലോ ലഭ്യമായിട്ടില്ലെങ്കിൽ ഉടൻതന്നെ ഡയറക്ടറേറ്റുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. തുക വിതരണം ചെയ്തതിന്റെ റിപ്പോർട്ട് 2012 മാർച്ച് 20 ന് മുമ്പായി ഹയർസെക്കന്ററി ഡയറക്ടറേറ്റിലേക്ക് അയച്ചുതരേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

പകർപ്പ് : എല്ലാ ഗവൺമെന്റ് / എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.